ENTRI

1 Crore User Downloads

# CURRENT AFFAIRS

## 07 AUG 2024



- **ദേശീയ കൈത്തറി ദിനം**

  ഓഗസ്റ്റ് 07
  - 1905 ഓഗസ്റ്റ് 7-നു കൊൽക്കത്തയിൽ സ്വദേശി പ്രസ്ഥാനം ആരംഭിച്ചതിന്റെ ഓർമ്മയ്ക്കാണ് ഈ ദിവസം ദേശീയ കൈത്തറി ദിനമായി ആചരിക്കുന്നത്.
  - 2015-ലെ ഓഗസ്റ്റ് 7-ആം തീയതിയാണ് ആദ്യത്തെ ദേശീയ കൈത്തറി ദിനം ആചരിക്കപ്പെട്ടത്.

---




- **ദേശീയ കൈത്തറി ദിനത്തോട് അനുബന്ധിച്ച് ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ നാഷണൽ ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (NHDC) ന്യൂഡൽഹിയിൽ സംഘടിപ്പിച്ച കൈത്തറി പ്രദർശനമേള**

  വിരാസത്ത്

---



ദ്രൗപതി മുർമു

- **ഫിജിയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ കംപാനിയൻ ഓഫ് ദി ഓർഡർ ഓഫ് ഫിജി-ക്ക് 2024ൽ അർഹയായ ഇന്ത്യയുടെ രാഷ്ട്രപതി**

  ദ്രൗപതി മുർമു

---



ജാനറ്റ് യാങ്

- **അക്കാഡമി ഓഫ് മോഷൻ പിക്ചർ ആർട്സ് ആൻഡ് സയൻസസിന്റെ പ്രസിഡന്റായി മൂന്നാമതും തിരഞ്ഞെടുക്കപ്പെട്ടത്**

  ജാനറ്റ് യാങ്
  - ചലച്ചിത്രരംഗവുമായി ബന്ധപ്പെട്ട കല, ശാസ്ത്രം, സാങ്കേതികത മുതലായവയുടെ ഉന്നമനത്തിനായി അമേരിക്കയിൽ രൂപീകരിക്കപ്പെട്ട ഒരു സംഘടനയാണ് അക്കാഡമി ഓഫ് മോഷൻ പിക്ചർ ആർട്സ് ആൻഡ് സയൻസസ്.

---



- **വയനാട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കുട്ടികളുടെ മാനസിക സംഘർഷം കുറയ്ക്കാൻ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതി**

  കുട്ടിയിടം
  - കുട്ടികളെ ക്രിയാത്മകമായ പ്രവർത്തനങ്ങളിൽ വ്യാപൃതരാക്കി മാനസിക സംഘർഷം കുറയ്ക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.